ഉത്തരം

(എ) അയോഗ്യതകരം കല്പിച്ചിട്ടില്ല എന്നാൽ ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള വിദ്യാഭ്യാസചട്ടങ്ങളും അദ്ധ്യായം 14. സി— പെരുമാറ്റചട്ടങ്ങളും—റൂൾ 28 അനുസരിച്ച് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതികൂടാതെ ഒരദ്ധ്യാപകനും പ്രത്യക്ഷമായോ, പരോക്ഷമായോ ഏതെങ്കിലും വ്യാപാരത്തിലോ പ്രവർത്തിയിലോ ഏർപ്പെടുകയോ എന്തെങ്കിലും ജോലി ഏറ്റെടുക്കുകയോ ചെയ്തുകൂടാത്തതാണ്. പ്രസ്തുത അദ്ധ്യായം റൂൾ 26 അനുസരിച്ച് സഹകരണസംഘത്തിൽ ഒരു അദ്ധ്യാപകനും ശമ്പളം പറ്റികൊണ്ടുള്ള ജോലി സ്വീകരിക്കുകയോ ചെയ്യുകയോ ചെയ്തുകൂടാത്തതാണ്. കൂടാതെ 27-ാം ചട്ടമനുസരിച്ച് ഏതൊരദ്ധ്യാപകനും തന്റെ സേവനമനുഷ്ഠിക്കുന്ന വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ഏതെങ്കിലും സഹകരണസംഘത്തിന്റെയോ ബാങ്കിന്റെയോ കമ്മറ്റിയിൽ അംഗമായോ മറ്റു വിധത്തിൽ അവയുടെ ഉൽക്കർഷത്തിനോ പ്രവർത്തിക്കാവുന്നതാണ്.

കുടുംബി സമുദായത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

1015 [1627] ശ്രീ. കണിയാപുരം രാമചന്ദ്രൻ:
,, സി. കെ. രാജൻ:
,, കെ. ടി. കുമാരൻ:
,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ സാമൂഹ്യക്ഷേമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കത്തിൽ നിൽക്കുന്ന കുടുംബി സമുദായത്തിൽപെട്ടവർക്ക് എന്തെല്ലാം വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്;

(ബി) കുടുംബി സമുദായത്തിൽപെട്ട എത്ര ഡോക്ടർമാരും എഞ്ചിനീയർമാരും അഭിഭാഷകരും ഉണ്ട്?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് അനുവദിച്ചിട്ടുള്ള എല്ലാ വിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും കുടുംബി സമുദായത്തിൽ നൽകിവരുന്നുണ്ട്.

(ബി) ഇതു സംബന്ധിച്ചുള്ള കണക്ക് ഗവൺമെന്റിന്റ് കൈവശം ഇപ്പോൾ ഇല്ല.

ചെറുമംഗലം എ. യു. പി. സ്കൂൾ

1016 [1628] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി വിദ്യാഭ്യാസ ഉപജില്ലയിൽപെട്ട ചെറുമംഗലം 'എ. യു. പി. സ്കൂൾ' അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ ആഭിമുഖ്യത്തിൽ ഉള്ള ആക്ഷൻ കമ്മിറ്റി കൺവീനറിൽ നിന്നും പ്രസ്തുത സ്കൂളിനെ സംബന്ധിച്ച് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly